പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 876 06.06.2018-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പദ്ധതി നടത്തിപ്പുകൾ കാര്യക്ഷമമല്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.<br>• ഊരുകൂട്ട തീരുമാന പ്രകാരമാണ് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഊരുകൂട്ടത്തിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീകരിച്ചാണ് നടപ്പിലാക്കുന്നത്. അടങ്കൽ തുക 25 ലക്ഷത്തിൽ താഴെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിലും, 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലും സമർപ്പിച്ച് അംഗീകാരം വാങ്ങിയാണ് നടപ്പിലാക്കുന്നത്.<br>• പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും, ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തി പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്.<br>• പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകി വരുന്നത്.<br>• പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലതാമസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ ബഹു.വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തുന്നു.<br>• തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.<br>• പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. |
| ബി) | ആദിവാസി വിഭാഗങ്ങൾക്കായി വൻ തുക ചെലവഴിക്കുമ്പോഴും പോഷകാഹാരവും കുടിവെള്ളവും ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | ആദിവാസി വിഭാഗങ്ങൾക്ക് പോഷകാഹാരം എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി യിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| സി) | ആദിവാസി ഊരുകളിൽ ആരോഗ്യസേവനങ്ങൾ നൽകുന്നതിനായി മെഡിക്കൽ സംഘം സന്ദർശിക്കാതിരിക്കുന്നതും വേണ്ടത്ര വൈദ്യസഹായം ലഭ്യമാക്കാത്തതും ഡോക്ടർമാരുടെയും ആശാ വർക്കർമാരുടെയും സേവനം ലഭ്യമാക്കാത്തതും സംബന്ധിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; | സി) | ആദിവാസി ഊരുകളിൽ കൃത്യമായി ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ ആധുനിക വൈദ്യസഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെ സേവനമുൾപ്പെടെ സംസ്ഥാനമൊട്ടാകെ പുതുതായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| ഡി) | ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സർക്കാർ പദ്ധതികളിൽ ക്രമക്കേട് ഒഴിവാക്കുന്നതിനും പുറത്ത് നിന്നുള്ളവർ ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ഡി) | ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടും ചൂഷണവും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി 'ഗോത്രജീവിക' പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി ടി പദ്ധതി പ്രകാരം നിർമ്മാണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പരിശീലനങ്ങളാണ് നടപ്പിലാക്കുന്നത്.<br><br>ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കെട്ടിടപ്പണി, മരപ്പണി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിഗ് എന്നീ മേഖലയിൽ പരിശീലനം നൽകി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവൃത്തികൾ എൽപ്പിക്കുന്നത് വഴി ആദിവാസികളുടെ വീട് നിർമ്മാണത്തിൽ പുറത്ത് നിന്നുള്ളവർ ചൂഷണം ചെയ്യുന്നത് തടയാൻ കഴിയുന്നതാണ്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ നിന്നും 1170 പേർക്ക് പരിശീലനം നൽകി 9 സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ